<u>15 -ാം കേരള നിയമസഭ</u>

<u>7 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2818</u> <u>13-12-2022 - ൽ മറുപടിയ്ക്ക്</u>

## <u>കോഴിക്കോട് ജില്ലയിലെ ചെറുകിട വൈദ്യുത പദ്ധതികൾ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ജില്ലയിൽ കെ.എസ്.ഇ.ബി. നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ചെറുകിട വൈദ്യുതപദ്ധതികൾ ഏതൊക്കെയാണെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കുമോ; | (എ) | കോഴിക്കോട് ജില്ലയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ജലവൈദ്യുത പദ്ധതികൾ ചുവടെ ചേർക്കുന്നു. |

| ക്രമ നമ്പർ | പദ്ധതി | 2022 നവംബർ മാസം<br>വരെയുള്ള പുരോഗത |
|---|---|---|
| 1 | പെരുവണ്ണാമൂഴി ചെറുകിട ജല വൈദ്യുതപദ്ധതി<br>6 MW (24.70 Mu) | *93%* സിവിൽ ജോലികളും<br>*15.81%* ഇലക്ട്രിക്കൽ ജോലികളും പൂർത്തീകരിച്ചിട്ടുണ്ട് |
| 2 | ഒളിക്കൽ ചെറുകിട ജലവൈദ്യുതപദ്ധതി<br>5 MW (10.26 Mu) | സിവിൽ ജോലികൾ ആരംഭിച്ചിട്ടുണ്ട് |
| 3 | പൂവാരംതോട് ചെറുകിട<br>ജല വൈദ്യുത പദ്ധതി<br>3 MW (5.88 Mu) | സിവിൽ ജോലികൾ ആരംഭിച്ചിട്ടുണ്ട് |
| 4 | മരിപ്പുഴ ചെറുകിട ജല വൈദ്യുത പദ്ധതി 6 MW (14.84 Mu) | സ്ഥലം ഏറ്റെടുപ്പ് നടപടികൾ പുരോഗമിക്കുന്നു. |
| 5 | ചെമ്പുകടവ് സ്റ്റേജ് III ചെറുകിട ജല വൈദ്യുത പദ്ധതി 7.5 MW(16.65 Mu) | സ്ഥലം ഏറ്റെടുപ്പ് നടപടികൾ പുരോഗമിക്കുന്നു. |

| | | | | | | |
|---|---|---|---|---|---|---|
| | | | | 6 | ചാത്തൻകോട്ടുനട<br><br>ചെറുകിട ജല വൈദ്യുത പദ്ധതി സ്റ്റേജ് - I<br><br>6 MW (14.76 Mu) | ഭരണാനുമതി ലഭിച്ചിട്ടുണ്ട് |
| | | | | 7 | പശുക്കടവ് ചെറുകിട ജലവൈദ്യുത പദ്ധതി *4* MW(1*0.34* Mu) | ഭരണാനുമതി ലഭിച്ചിട്ടുണ്ട് |
| (ബി) | ചെമ്പുകടവ് മൂന്നാം ഘട്ട പദ്ധതിയുടെ വിശദാംശവും നിലവിലെ അവസ്ഥയും വ്യക്തമാക്കുമോ? | (ബി) | കോഴിക്കോട് ജില്ലയിൽ താമരശ്ശേരി താലൂക്കിൽ നിലവിലെ ചെമ്പുക്കടവ് 1, 2 പദ്ധതികളിൽ നിന്ന് ഊർജ്ജോൽപാദനത്തിന് ശേഷം പുറത്ത് വിടുന്ന ജലവും പദ്ധതിയുടെ catchment area -യിൽ നിന്നുള്ള ജലവും ഉപയോഗപ്പെടുത്തി 7.5 മെഗാവാട്ട് സ്ഥാപിത ശേഷിയും 16.65 ദശലക്ഷം യൂണിറ്റ് വാർഷികോൽപാദനവും ലക്ഷ്യമിടുന്ന പദ്ധതിയാണ് ചെമ്പുക്കടവ് മൂന്നാംഘട്ടം. പദ്ധതിക്ക് സർക്കാരിന്റേയും ബോർഡിന്റേയും ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഈ പദ്ധതിക്കായി 81.75കോടി രൂപക്കുള്ള ബോർഡിന്റെ പുതുക്കിയ ഭരണാനുമതി 23-12-2014 ൽ ലഭിച്ചിട്ടുണ്ട്.<br><br>ചെമ്പുകടവ് മൂന്നാംഘട്ട ജലവൈദ്യുത പദ്ധതിക്ക് 5.10 ഹെക്ടർ സ്വകാര്യ ഭൂമി ആവശ്യമുണ്ട്. ഈ ഭൂമി ഉഭയകക്ഷി സമ്മത പ്രകാരം ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും റവന്യൂ ഡിപ്പാർട്ട്മെന്റ് സ്ഥലത്തിന്റെ ബി.വി.ആർ നിശ്ചയിക്കുകയും ചെയ്തിരുന്നു. 15-07-2020 ൽ ഭൂമി ഏറ്റെടുക്കുന്നതിനായി ജില്ലാതല പർച്ചേസ് കമ്മിറ്റി യോഗം ചേർന്നിരുന്നു. എന്നാൽ പ്രസ്തുത യോഗത്തിൽ കമ്മിറ്റി നിശ്ചയിച്ച വില സമ്മതമല്ലെന്ന് ഭൂവുടമകൾ അറിയിക്കുകയും വളരെ ഉയർന്നവില ആവശ്യപ്പെടുകയും ചെയ്തിരുന്നു. ഇനിമുതൽ എൽ.എ നിയമപ്രകാരം മാത്രമായിരിക്കും ഭൂമി ഏറ്റെടുക്കുകയെന്ന് ജില്ലാകളക്ടർ അറിയിച്ചത് പ്രകാരം LARR 2013 പ്രകാരം ഭൂമി ഏറ്റെടുക്കുവാനുള്ള തുടർനടപടികൾ പുരോഗ മിക്കുന്നു | | | |

സെക്ഷൻ ഓഫീസർ